# Athmaraksha.org

കുടുംബപ്രാർത്ഥനകൾ

## ബന്ധന പ്രാർത്ഥന - Deliverance




### ബന്ധന പ്രാർത്ഥന

ജീവനുള്ള ദൈവത്തിന്റെ പുത്രനായ /യേശു ക്രിസ്തുവിന്റെ / ശക്തിയുള്ള നാമത്തിൽ, അവിടുത്തെ തിരുശരീരരക്തങ്ങളുടെ യോഗ്യതയാൽ/ എല്ലാ അന്ധകാരശക്തികളും / പൈശാചിക ബന്ധനങ്ങളും / ദുഃശ്ശീലങ്ങളും / എന്നെ / നിന്നെ വിട്ടു പോകട്ടെ. ഞാൻ / ഞങ്ങൾ കർത്താവായ യേശുക്രിസ്തുവിന്റെ /തിരുരക്തത്താൽ/ വിലയ്ക്കു വാങ്ങപ്പെട്ടവനാണ്(വളാണ്). അന്ധകാര ശക്തികൾക്ക് / എന്റെ (ഞങ്ങളുടെ)മേൽ അധികാരമില്ല. ഞാൻ (ഞങ്ങൾ)/ യേശു ക്രിസ്തുവിന്റേതാണ്. കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ/ ഞാൻ കൽപിക്കുന്നു. എന്നെയും (ഞങ്ങളെയും) കുടുംബാംഗങ്ങളെയും സഹപ്രവർത്തകരെയും ബാധിച്ചിരിക്കുന്ന /രോഗത്തിന്റെയും തകർച്ചയുടെയും/ ദുഃശ്ശീലത്തിന്റെയും /ദുരാത്മാവേ പുറത്തു വരിക. യേശു ക്രിസ്തുവിന്റെ/ കുരിശിന്റെ കീഴെ /ഈ ദുരാത്മാക്കൾ ബന്ധിക്കപ്പെടട്ടെ. തിരുരക്തത്താൽ കഴുകി /എന്നേയും എനിക്കുള്ളവയേയും ശുദ്ധീകരിക്കണമേ. വിശുദ്ധ കുരിശിന്റേയും/ പരിശുദ്ധ കന്യാമറിയത്തിന്റേയും /വിശുദ്ധ മിഖായേലിന്റേയും/ സകല മാലാഖമാരുടെയും/ സകലവിശുദ്ധരുടെയും/ മദ്ധ്യസ്ഥതയും/ വിശുദ്ധ പത്രോസ്, പൗലോസ് ശ്ലീഹന്മാരുടെ അപേക്ഷകളും/ എനിക്ക് അഭയവും/ കോട്ടയുമായിരിക്കട്ടെ.

വി.സെബസ്ത്യാനോസിന്റേയും /വി.ഗീവർഗ്ഗീസിന്റേയും മദ്ധ്യസ്ഥതയും /സകല അപ്പസ്തോലന്മാരുടെയും/ രക്തസാക്ഷികളുടെയും/ പ്രാർത്ഥനാസഹായവും /എന്നോടൊപ്പം ഉണ്ടായിരിക്കട്ടെ. യേശുവിന്റെ /ശക്തിയുള്ള നാമത്തിൽ/ അസൂയയുടെയും, അഹങ്കാരത്തിന്റെയും അലസതയുടെയും, ശത്രുതയുടെയും, വെറുപ്പിന്റെയും കോപത്തിന്റെയും, ആസക്തികളുടെയും/ എല്ലാ ബന്ധനങ്ങളും/ എന്നിൽനിന്ന് അകന്നുപോകട്ടെ. കർത്താവായ യേശുക്രിസ്തു/ നിത്യജീവനിലേക്കും /രക്ഷയുടെ പൂർണ്ണതയിലേക്കും /എന്നെ നയിക്കുമാറാകട്ടെ.

യേശുവേ സ്തോത്രം... യേശുവേ നന്ദി... യേശുവേ ആരാധന

OR

ബന്ധന പ്രാർത്ഥന

ഈശോയുടെ നാമത്തിൽ, ഈശോയുടെ തിരുരക്തത്തിന്റെ ശക്തിയിൽ, ഈശോയുടെ കുരിശിന്റെ അടയാളത്തിൽ എല്ലാ നാരകീയ ശക്തികളെയും പൈശാചിക സാന്നിദ്ധ്യങ്ങളെയും ഞാൻ ബന്ധിക്കുന്നു. നാരകീയശക്തികളേ, അന്ധകാരശക്തികളേ, നിങ്ങളോടു ഞാൻ കല്പിക്കുന്നു; നസ്രായനായ യേശുവിന്റെ നാമത്തിൽ എന്നെയും എന്റെ കുടുംബത്തെയും (ഈ സ്ഥാപനത്തെയും) വിട്ടുപോകുക. നിത്യനരകാഗ്നിയിലേക്കു പോകുക. ഇനി ഒരിക്കലും മടങ്ങി വരരുതെന്ന് ഈശോയുടെ തിരുനാമത്തിൽ ഞാൻ കല്പിക്കുന്നു.

യേശുവേ സ്തോത്രം.., യേശുവേ നന്ദി (അല്പസമയം സ്തുതിക്കുക). ഈ ബന്ധനപ്രാർത്ഥന ആവർത്തിച്ചു ചൊല്ലുന്നത് നല്ലതാണ്.

## തിരുവചനം

നിങ്ങൾ ഭയപ്പെടാതെ ഉറച്ചുനിൽക്കുവിൻ.നിങ്ങൾക്കുവേണ്ടി ഇന്നു കർത്താവു ചെയ്യാൻപോകുന്ന രക്ഷാകൃത്യം നിങ്ങൾ കാണും (പുറപ്പാട് 14:13).

കർത്താവു നിങ്ങൾക്കുവേണ്ടി യുദ്ധം ചെയ്തുകൊള്ളും. നിങ്ങൾ ശാന്തരായിരുന്നാൽ മതി (പുറപ്പാട് 14:14).

+++